**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 570** **23-07-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് അഴിമുഖത്ത് അപകടത്തിൽപ്പെട്ടവർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂലൈ 4-ന് കാസർകോട് അഴിമുഖത്ത് വള്ളം മറിഞ്ഞ് മൂന്ന് മൽസ്യത്തൊഴിലാളികൾ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | വള്ളം മറിഞ്ഞ് എത്ര മണിക്കൂറിന് ശേഷമാണ് മൃതദേഹങ്ങൾ കണ്ടെത്തിയതെന്നും ഇതിനുവേണ്ടി നടത്തിയ തിരച്ചിൽ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഏത് രീതിയിലായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) | ജൂലായ് 4 ന് രാവിലെ 6 മണിക്ക് നടന്ന അപകടത്തിൽപ്പെട്ട 3 പേരുടെയും മൃതദേഹങ്ങൾ പിറ്റേന്ന് രാവിലെ പത്ത് മണിയോടെയാണ് ലഭിച്ചത്. അപകട വിവരം അറിഞ്ഞ ഉടനെത്തന്നെ ഫിഷറീസ് വകുപ്പ് കാസർഗോഡ് കീഴൂരിൽ ഏർപ്പെടുത്തിയിരുന്ന രക്ഷാ വള്ളം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുകയുണ്ടായി. തുടർന്ന് തൈക്കടപ്പുറം കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന യന്ത്രവത്കൃത ബോട്ടും തിരച്ചിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയുണ്ടായി. അതോടൊപ്പം കോസ്റ്റൽ പോലീസിന്റേയും നാട്ടുകാരുടെയും യാനങ്ങൾ തിരച്ചിലിൽ പങ്കെടുക്കുകയുണ്ടായി. |
| (സി) | മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും പരുക്കുകളോടെ രക്ഷപ്പെട്ട നാലുപേർക്കും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | തോണി അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയായ ശ്രീ. രതീഷ്, ശ്രീ. സന്ദീപ് എന്നിവരുടെ കുടുംബത്തിന് അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്. ഇതിൽ നിന്നും ഇൻഷുറൻസ് ധനസഹായം 110000/- രൂപ വീതം മത്സ്യബോർഡിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ശ്രീ. കാർത്തികിന് മത്സ്യബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് 5000/- രൂപയും പരിക്ക് പറ്റി ആശുപത്രിയിൽ കഴിയുന്ന 4 പേർക്ക് 1000 രൂപ വീതവും മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും സമാശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട എ. രതീശൻ (രതീഷ്), s/o അമ്പാടി കടവൻ, ഫിഷർമെൻ കോളനി, അടുക്കൽ ബയിൽ ബീച്ച്, കാസർഗോഡ്, |

| | | | |
|---|---|---|---|
| | | | എസ്. സന്ദീപ്, s/0. ശശി, കസബ ബീച്ച്, കാസർഗോഡ് എന്നിവരുടെ ആശ്രിതർക്ക് 10000/- രൂപ വീതവും എസ്. കാർത്തിക്, s/0 ഷണ്മുഖൻ, അട്ടക്കത്ത് ബയൽ ബീച്ച്, കാസർഗോഡ് എന്ന ആളിന്റെ ആശ്രിതർക്ക് 5000/- രൂപയും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രവി , s/0. സോമൻ, മണിക്കുട്ടൻ, s/0. ഭാസ്കരൻ, ഷിബിൻ, s/0. ലക്ഷ്മണൻ, ശശി, s/0. വസന്തൻ എന്നിവർക്ക് 2000/- രൂപ വീതവും മത്സ്യഫെഡിൽ നിന്നും അടിയന്തിര സഹായം നൽകിയിട്ടുണ്ട്. ശ്രീ. രതീഷിന്റെയും ശ്രീ. സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക 1000000/- ലക്ഷം രൂപ ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂറായി നൽകിയ ധനസഹായം കുറവ് ചെയ്ത് ബാക്കി തുക നൽകുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ശ്രീ കാർത്തിക്കിന്റെ കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം ബോർഡ് പരിശോധിച്ച് വരുന്നു. |
| (ഡി) | മരണപ്പെട്ട മൂന്നുപേരുടെയും കുടുംബങ്ങളുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം രീതിയിലാണ് ഈ കുടുംബങ്ങളെ സഹായിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | തോണി അപകടത്തിൽ മരണപ്പെട്ട മത്സ്യത്തൊഴിലാളിയായ ശ്രീ. രതീഷ്, ശ്രീ. സന്ദീപ് എന്നിവരുടെ കുടുംബത്തിന് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്. ഇതിൽ നിന്നും ഇൻഷ്വറൻസ് ധനസഹായം 110000/- രൂപ വീതം മത്സ്യബോർഡിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. ശ്രീ. കാർത്തികിന് മത്സ്യബോർഡിൽ അംഗത്വം ഇല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് 5000/- രൂപയും പരിക്ക് പറ്റി ആശുപത്രിയിൽ കഴിയുന്ന 4 പേർക്ക് 1000 രൂപ വീതവും മത്സ്യബോർഡ് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നും സമാശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട എ. രതീശൻ (രതീഷ്), s/o അമ്പാടി കടവൻ, ഫിഷർമെൻ കോളനി, അട്ടക്കൽ ബയിൽ ബീച്ച്, കാസർഗോഡ്, എസ്. സന്ദീപ്, s/0. ശശി, കസബ ബീച്ച്, കാസർഗോഡ് എന്നിവരുടെ ആശ്രിതർക്ക് 10000/- രൂപ വീതവും എസ്. കാർത്തിക്, s/0 ഷണ്മുഖൻ, അട്ടക്കത്ത് ബയൽ ബീച്ച്, കാസർഗോഡ് എന്ന ആളിന്റെ ആശ്രിതർക്ക് 5000/- രൂപയും അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രവി , s/0. സോമൻ, മണിക്കുട്ടൻ, s/0. ഭാസ്കരൻ, ഷിബിൻ, s/0. ലക്ഷ്മണൻ, ശശി, s/0. വസന്തൻ എന്നിവർക്ക് 2000/- രൂപ വീതവും മത്സ്യഫെഡിൽ നിന്നും അടിയന്തിര സഹായം നൽകിയിട്ടുണ്ട്. ശ്രീ. രതീഷിന്റെയും ശ്രീ. സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക |

| | | | |
|---|---|---|---|
| | | | 1000000/- ലക്ഷം രൂപ ലഭ്യമാകുന്ന മുറയ്ക്ക് മുൻകൂറായി നൽകിയ ധനസഹായം കുറവ് ചെയ്ത് ബാക്കി തുക നൽകുന്നതാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ശ്രീ കാർത്തിക്കിന്റെ കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം ബോർഡ് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ